

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



Vol. 2 No. 29 | THE ONLINE OFFICIAL NEWS BULLETTIN | 2019 July 20

പെന്തിക്കോസ്തികാലം | SEASON OF PENTECOST | ܥܕܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪5	♪1	♪5	♪1	♪5	♪1	♪5
21	22	23	24	25	26	27
6th Sunday after Pentecost	Comme. of Mary Magdalene	20th Memorial of Geevarghese Mar Diascoros, Metropolitan (Ranni Holy Trinity Ashram) 83rd Memorial of Fr. Noronah (Brahmawar Cathedral)		Comme. of Mar Epiphanios		Comme. of Mar Shemavon Desthuno



ദേവാലയവും ഹൃദയവും മനുഷ്യ ജീവിതക്രമവും പുനർക്രമീകരിക്കുവാൻ തയ്യാറാവണം: പ. കാതോലിക്കാ ബാവ

ദേവാലയവും ഹൃദയവും മനുഷ്യ ജീവിതക്രമവും പുനർക്രമീകരിക്കുവാൻ തയ്യാറാവണമെന്ന് പ. കാതോലിക്കാ ബാവ ഉദ്ബോധിപ്പിച്ചു. സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്ന് 720-ൽ പരം പ്രതിനിധികൾ പങ്കെടുക്കുന്ന ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ഉൽഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു പരിശുദ്ധ കാതോലിക്കാ ബാവ. യെരുശലേം നഗരം നശിച്ചുകിടക്കുന്നു. യെരുശലേം ദേവാലയം ശിഥിലമായി. ആ നഗരവും ദേവാലയവും പുനരുദ്ധരിക്കുവാനുള്ള നെഹമ്യായാവിന്റെ ഉജ്വലമായ ആഹ്വാനം. ദേവാലയം മാത്രമല്ല നമ്മുടെ ഹൃദയത്തെ, മനസിനെ, പുത്തൻ തലമുറയെ, സംസ്കാരത്തെ പുനർ നിർമ്മിക്കുവാൻ നമുക്ക് സാധിക്കണം. എങ്കിലേ മനുഷ്യ ജീവിതം സമാധാന പൂർണമാകൂ. ഇവിടെ അച്ചടക്കമുള്ള ഒരു വിശ്വാസ സമൂഹത്തെ ഞാൻ കാണുന്നു. സമ്പത്ത് ഉണ്ടാകും, നഷ്ടമാകും. എന്നാൽ നമ്മിലെ നന്മ നഷ്ടമാക്കുവാൻ ഇടയാകരുത്.

ദൈവത്തെ ഭയപ്പെട്ടു ജീവിക്കുവാൻ കഴിയുമ്പോൾ നമുക്ക് സമൂഹത്തെ നന്മയുടെ പാതയിലേക്ക് നയിക്കുവാൻ സാധിക്കും. സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന സഹായ മെത്രാപോലീത്ത സഖറിയാസ് മാർ അപ്രേം പറഞ്ഞു.

മലങ്കര സഭ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട സഭയാണ്. പ്രതിസന്ധികൾ ഉണ്ടാകും. മുൻപും ഉണ്ടായിട്ടുണ്ട് അവയൊക്കെ മലങ്കര സഭ അതിജീവിച്ചിട്ടുമുണ്ട്. ദൈവം വലിയവനാണ്. സ്വർഗ്ഗത്തിലെ ദൈവം കാര്യം സാധിപ്പിക്കും. സഭക്ക് അനേകം പീഡനങ്ങൾ ഏൽക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ സഭ തകർന്നില്ല ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപോലീത്ത പറഞ്ഞു. ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രപൊലീത്ത, ഭദ്രാസന സെക്രട്ടറി ഫാ. ഫിലിപ്പ് എബ്രഹാം, ഫാ. ഡാനിയേൽ ജോർജ്ജ്, ഫാ. ഹാം ജോസഫ്, ഫാ. രാജു എം. ഡാനിയേൽ, ഡീക്കൻ ജോർജ്ജ് പൂവത്തൂർ എന്നിവർ ആശംസകൾ അർപ്പിച്ചു.



ഹോളി ട്രാൻസ്ഫിഗറേഷന് സെൻറർ അന്താരാഷ്ട്ര നിലവാരത്തിലേക്ക്: പ. കാതോലിക്കാ ബാവ

മട്ടൺടൗൺ (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനം പെൻസിൽവേനിയയിലെ ഡാൽട്ടണിൽ വാങ്ങിയ ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെൻററിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സഭയുടെ ഒരു മിഷൻ സെൻററായി പരിഗണിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിക്കാമെന്നു പ. കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

ഭദ്രാസന ആസ്ഥാനമായ മട്ടൺടൗണിലെ അരമനയിൽ ഭദ്രാസന അധ്യക്ഷൻ സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത, വൈദികട്രസ്റ്റി ഫാ.ഡോ. എം.ഒ. ജോൺ എന്നിവരോടൊപ്പം സഭ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും കൗൺസിൽ അംഗങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച് പ്രസ്താവന ഉണ്ടായത്. 300 ഏക്കറുകളിലായി 110,000 സ്ക്വയർഫീറ്റിലുള്ള കെട്ടിട സമുച്ചയവും മറ്റ് എല്ലാ സൗകര്യങ്ങളുമുള്ള റിട്രീറ്റ് സെൻറർ മലങ്കര സഭയ്ക്ക് എന്നും അഭിമാനിക്കാവുന്നതാണെന്നും ലോകമെമ്പാടുമുള്ള എല്ലാ വിഭാഗത്തിലുമുള്ള ഓർത്തഡോക്സ് വിശ്വാസികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഉതകുന്ന ഒരു ലോകോത്തര സെമിനാരി ആയും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് തിയോളജിക്കൽ സ്റ്റഡീസ് സ്ഥാപനമായി മാറുന്നതിന് വേണ്ട മാർഗ്ഗരേഖകൾ പഠിച്ചു സമർപ്പിക്കുവാൻ പരി.ബാവ ആവശ്യപ്പെട്ടു. മാനേജിങ് കമ്മിറ്റിയിലും പരിശുദ്ധ സുന്നഹദോസിലും ഇത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഭിലായി മിഷൻ സെൻറർ ആണ് പിന്നീട് നാഗ്പൂർ സെമിനാരി ആയി ഉയർത്തിയത്. ആ ഒരു പാത പിന്തുടരാവുന്നതാണ്. സഭയിലെ പുതുതലമുറയ്ക്ക് ഒരു ഗ്ലോബൽ ഐഡൻറിറ്റി ഉണ്ടാകുവാൻ ഇങ്ങനെയൊരു സെൻറർ കൊണ്ടു സാധിക്കും. അമേരിക്കയിലെ രണ്ടു ഭദ്രാസനങ്ങളും ഒന്നിച്ചു ചേർന്നു ഇതിനായി പ്രവർത്തിച്ച കരട് രേഖ സമർപ്പിക്കുവാൻ മാർ നിക്കോളോവോസിനെ പരിശുദ്ധ ബാവ ചുമതലപ്പെടുത്തി.

40 വർഷത്തിലേറെയായി നോർത്ത് അമേരിക്കയിൽ സ്ഥാപിതമായ സഭയുടെ പ്രസ്റ്റീജ് ഭദ്രാസനങ്ങളിൽ ഒന്നായി മാറിയ നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിലെ വളർച്ചയെയും സഭാ സ്നേഹത്തെയും യുവജനങ്ങളുടെ ആത്മീയമായ കാഴ്ചപ്പാടിനെയും പരിശുദ്ധ ബാവ ശ്ലാഘിച്ചു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



അപ്പോസ്തോല പാരമ്പര്യം


മാർ ഇഗ്നാത്തിയോസിന്റെ സപ്ത ലേഖനങ്ങൾ

5. ഫിലാഡൽഫിയായിലെ സഭയ്ക്കെഴുതിയ ലേഖനം

മാർ ഇഗ്നാത്തിയോസ് നൂറോനോ

സ്വതന്ത്ര വിവർത്തനം

ഫാ. ഡോ. ജോസഫ് ചീരൻ



സർവ്വ കൃപകളിലും നല്ല ഉറപ്പ് ലഭിച്ചവളും നമ്മുടെ കർത്താവിന്റെ കഷ്ട പ്പാടുകളിലും പുനരുത്ഥാനത്തിലും അചഞ്ചലമായി ആഹ്ലാദിക്കുന്ന വളും ദൈവി കമായ ഐക്യത്തിൽ സ്ഥാപിക്കപ്പെട്ടവളും കരുണ കണ്ടെത്തപ്പെട്ടവളുമായി ഏഷ്യയിലെ ഫിലാഡൽഫിയായിലുള്ള പിതാവാം ദൈവത്തിന്റേയും കർത്താ വായ യേശുക്രിസ്തുവിന്റേയും സഭയ്ക്ക്.

തെയോഫോറസ് എന്ന് മറുനാമമുള്ള ഇഗ്നാത്തിയോസ് (എഴുതുന്നത്) പ്രത്യേകിച്ച്, ക്രിസ്തുയേശുവിന്റെ അംഗീകാരത്തോടെ നിയമിക്കപ്പെടുകയും തന്റെ പരിശുദ്ധാത്മാവിനാൽ തന്റെ ഇച്ഛയനുസരിച്ച് സുരക്ഷിതമായി സ്ഥാപി ക്കപ്പെടുകയും ചെയ്ത മെത്രാനും കശീശന്മാരും ശെമ്മാശന്മാരുമൊന്നിച്ച് അവർ കണ്ടെത്തപ്പെടുകയും ചെയ്യുമെങ്കിൽ സന്തുഷ്ടയും നിത്യയുമായ അവൾക്ക് (സഭയ്ക്ക്) യേശുക്രിസ്തുവിന്റെ രക്തത്തിൽ ഞാൻ അഭിവാദനങ്ങൾ അയ യ്ക്കുന്നു.

1. ഈ മെത്രാൻ, സ്ഥാനം പ്രാപിച്ചത് പൊതുനന്മയ്ക്കായിട്ടല്ലാതെ തനി ക്കുവേണ്ടിയല്ലെന്നും മനുഷ്യരിൽ നിന്നല്ലെന്നും കാപട്യം വഴിയല്ലെന്നും എന്നാലോ പിതാവാംദൈവത്തോടും കർത്താവായ യേശുക്രിസ്തുവിനോടും ഉള്ള സ്നേഹത്തെപ്രതിയാകുന്നുവെന്ന് എനിക്കറിയാം. അദ്ദേഹത്തിന്റെ സഹ നശക്തിയെക്കുറിച്ച് ഞാൻ അത്ഭുതം കൂറിയിട്ടുണ്ട്. പൊള്ളവാക്കുകൾ മുഴ ക്കുന്ന അനേകരേക്കാൾ അധികം മൗനം പാലിച്ചുകൊണ്ടുതന്നെ പ്രവർത്തി ക്കുവാൻ അദ്ദേഹത്തിന് കഴിയും. വീണ അതിന്റെ തന്ത്രികളോടെന്നവിധം അദ്ദേഹം (ദൈവത്തിന്റെ) കൽപ്പനകളോട് പൊരുത്തപ്പെട്ടിരിക്കുന്നു. തന്മൂലം ദൈവത്തോടുള്ള അദ്ദേഹത്തിന്റെ മനോഭാവത്തെ ഞാൻ ആശീർവദിക്കുന്നു; ഗുണസമ്പന്നവും സമ്പൂർണ്ണവുമെന്ന് അംഗീകരിക്കുന്നു; സ്വർഗ്ഗീയ പ്രശാന്ത തയിൽ, വികാരവിക്ഷോഭങ്ങളില്ലാത്ത നിഷ്കളങ്ക ജീവിതമത്രേ അദ്ദേഹത്തി ന്റേത്.

2. അതുകൊണ്ട് വഴിതെറ്റിക്കുന്ന അബദ്ധോപദേശങ്ങളിൽ നിന്നും അനൈക്യ പ്രവണതകളിൽ നിന്നും വിട്ടുനിൽക്കുവിൻ. നിങ്ങൾ സത്യപ്രകാ ശത്തിന്റെ മക്കളാകുന്നു. ആടുകൾ (ഇടയനെ) എന്നവണ്ണം നിങ്ങളുടെ മെത്രാനെ അനുസരിപ്പിൻ. ബുഭുക്ഷയുള്ള ചെന്നായ്ക്കൾ നിരവധിയുണ്ട്. ദൈവ ത്തിന്റെ പാതയിൽ ഓടുന്നവരെ ദുർമ്മോഹങ്ങളുടെ കെണികളിൽ അവർ അക പ്പെടുത്തുന്നു. നിങ്ങൾ ഐക്യതയുള്ളവരെങ്കിൽ അവർക്കൊന്നും ചെയ്യാൻ കഴി യുകയില്ല.

3. വിഷകരമായ കളകളോട് സംസർഗ്ഗം അരുത്: പിതാവ് നട്ടിട്ടുള്ള സസ്യ ങ്ങളല്ല അവ. യേശുക്രിസ്തു അവയെ സ്വീകരിക്കുന്നുമില്ല (നിങ്ങളിൽ ഗൗരവ തരമായ എന്തെങ്കിലും ഭിന്നത ഞാൻ കണ്ടുവെന്ന് പറയുകയല്ല; ശുദ്ധീകരണം എപ്പോഴും ആവശ്യമത്രേ). ദൈവത്തിനും യേശുക്രിസ്തുവിനും അവകാശപ്പെട്ട എല്ലാവരും മെത്രാനോട് ചേർന്നുനിൽക്കുന്നു. യേശുക്രിസ്തുവിനോടുള്ള ഐക്യതയിൽ ജീവിക്കേണ്ടതിന് അനുതപിക്കുന്നവരും സഭയോടുള്ള ബന്ധ ത്തിലേയ്ക്ക് തിരിച്ചുവരുന്നവരും ദൈവത്തിനുള്ളവരാകുന്നു. സഹോദരന്മാരെ, നിങ്ങളെ ആരും തെറ്റിക്കരുത്, ഭിന്നതയെ വളർത്തുന്നവരും പ്രോത്സാഹിപ്പി ക്കുന്നവരും അതിനെ അനുഗമിക്കുന്നവരും ദൈവരാജ്യത്തെ അവകാശിക്കുക യില്ല. ചാഞ്ചല്യത്താൽ ആടിക്കളിക്കുന്നവൻ ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ ഏറ്റുപറയുന്നില്ല.

4. അതുകൊണ്ട് നിങ്ങൾക്കു പൊതുവായി ഒരു സ്തോത്രബലിയേ ഉള്ളു എന്ന് ഉറപ്പു വരുത്തുവിൻ. എന്തെന്നാൽ നമ്മുടെ കർത്താവായ യേശുക്രിസ്തു വിന്റെ ശരീരം ഒന്നേയുള്ളു. അവന്റെ രക്തത്തിലുള്ള കൂട്ടായ്മയായി ഒരു പാന പാത്രമേ ഉള്ളു; ഒരു ബലിപീഠമേ ഉള്ളു. അതുപോലെ എന്റെ കൂട്ടുദാസരായ ശെമ്മാശന്മാരോടും പുരോഹിതസംഘത്തോടും ഒന്നിച്ച് ഒരു മെത്രാനേ ഉള്ളു. ഇതിൻപ്രകാരം നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം ദൈവേഷ്ടപ്രകാരം ആയി രിക്കട്ടെ.

5. സഹോദരന്മാരെ, നിങ്ങളോടുള്ള എന്റെ സ്നേഹം നിറഞ്ഞ് കവിയുന്നു. എന്റെ സന്തോഷാധിക്യത്തിന്റെ ഉന്നതിയിൽ ഞാൻ നിങ്ങളെ സുരക്ഷിതത്വം

ഉള്ളവരാക്കുന്നു; എങ്കിലും സത്യത്തിൽ ഞാനല്ല, ക്രിസ്തു തന്നെ. ഞാൻ ബലഹീനനാകുന്നതുകൊണ്ട് അവനെപ്രതി ചങ്ങല ധരിച്ചിരിക്കുമ്പോഴും ഞാൻ ഭയപ്പെടുന്നു. ദൈവത്തോടുള്ള നിങ്ങളുടെ പ്രാർത്ഥന എന്നെ ശക്തിപ്പെടുത്തട്ടെ; കരുണാപൂർവ്വം എനിക്ക് നൽകപ്പെട്ടതിനെ (രക്തസാക്ഷിത്വത്തെ) ഞാൻ പ്രാപിക്കുമാറാകട്ടെ; മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനോടും അപ്പോസ്തോലന്മാരോടും കൂടെ സഭയിലെ സർവ്വ കാശീശന്മാരേയുംപോലെ ഞാൻ തിരുവചനത്തെ അഭയം പ്രാപിക്കട്ടെ. പ്രവാചകന്മാരെയും നാം സ്നേഹിക്കുന്നു, അവർ സുവിശേഷം പ്രഖ്യാപിക്കുകയും അവനിൽ പ്രത്യാശ വെയ്ക്കുകയും അവനായി നോക്കിപ്പാർക്കുകയും ചെയ്തു. അവനെ വിശ്വസിച്ചുകൊണ്ട് അവർ രക്ഷ നേടി; ക്രിസ്തുവുമായി ബന്ധിക്കപ്പെട്ടു. പരിശുദ്ധരായ അവർ സ്നേഹവും അഭിനന്ദനവും അർഹിക്കുന്നു. നമ്മുടെ പൊതു പ്രത്യാശയായവനെക്കുറിച്ച് സദ്വാർത്തകൾ ഉദ്ഘോഷിച്ചവരായ അവർ നമ്മോടുകൂടെ എണ്ണപ്പെട്ടിരിക്കുന്നു; യേശുക്രിസ്തുവിനാൽ അവർ സാക്ഷീകരണം പ്രാപിച്ചിരിക്കുന്നു.

6. യഹൂദമതബോധനങ്ങളെ നിങ്ങൾ ശ്രദ്ധിക്കരുത്. എന്നാൽ പരിച്ഛേദന ഏറ്റ ഒരാളിൽ നിന്ന് ക്രിസ്തുമതബോധനം കേൾക്കുന്നത് പരിച്ഛേദന ഏൽക്കാത്ത ഒരാളിൽ നിന്ന് യഹൂദമതബോധനം കേൾക്കുന്നതിനേക്കാൾ ആശാസ്യമത്രേ. എന്നാൽ ഇരുവരും യേശുക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുന്നില്ലെങ്കിൽ അവർ എനിക്ക് ശ്മശാന തുല്യർ അത്രേ; അവയിലും മനുഷ്യനാമങ്ങൾ എഴുതപ്പെട്ടിരിക്കുന്നു. അതിനാൽ ഈ ലോകപ്രമാണിയുടെ കെണികളിൽ നിന്നും നിങ്ങൾ ഓടി രക്ഷപ്പെട്ടുകൊൾവിൻ, അവന്റെ തന്ത്രങ്ങളും പദ്ധതികളും നിങ്ങളുടെ സ്നേഹത്തെ ക്ഷയിപ്പിക്കാതിരിക്കട്ടെ. ഏകമനസ്സോടെ നിങ്ങൾ കൂട്ടായ്മ യോഗങ്ങളിൽ ഹാജരാകുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ അനൈക്യ ചിന്തകൾ പ്രവേശിക്കരുത്.

നിങ്ങളെ സംബന്ധിച്ചിടത്തോളം എന്റെ മനസ്സാക്ഷി വെടിപ്പുള്ളതാകയാൽ ഞാൻ ദൈവത്തോട് കൃതജ്ഞതയുള്ളവനായിരിക്കുന്നു. ഞാൻ ചെറുതോ വലുതോ ആയ എന്തിലെങ്കിലും ആർക്കെങ്കിലും ഭാരമായിരുന്നുവെന്ന് അവകാശപ്പെടുവാൻ ആർക്കും ധൈര്യം വരുകയില്ല. എന്റെ പ്രബോധനം ശ്രദ്ധിച്ച ആർക്കും എതിരായി, എന്റെ ഈ വാക്കുകൾ ന്യായം വിധിക്കാതിരിക്കേണ്ടതിന് ഞാൻ പ്രാർത്ഥിക്കുന്നു.

7. ജഡത്തിന്റെ അഭിലാഷപ്രകാരം എന്നെ വഴിതെറ്റിക്കാമെന്ന് ചിലർ ആഗ്രഹിച്ചിരുന്നുവെങ്കിലും ആത്മാവ് അപഥപ്രയാണം ചെയ്തില്ല. എന്തെന്നാൽ ആത്മാവ് ദൈവത്തിൽ നിന്നുള്ളതത്രേ. എവിടെനിന്ന് വന്നുവെന്നും എവിടേക്ക് പോകുന്നുവെന്നും അത് അറിയുന്നു. അത് രഹസ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നു. ഞാൻ നിങ്ങളുടെ മദ്ധ്യേ ആയിരുന്നപ്പോൾ കരഞ്ഞുകൊണ്ട് ഉച്ചശബ്ദത്തിൽ, ദൈവത്തിന്റെ ശബ്ദമായി പറഞ്ഞു.

'മെത്രാന്റെയും പുരോഹിത സംഘത്തിന്റെയും ശെമ്മാശന്മാരുടെയും വാക്കുകൾ ശ്രദ്ധിപ്പിൻ.' ചിലർ ഭിന്നതകൾ സൃഷ്ടിക്കുന്നതായി മുൻകൂട്ടി അറിഞ്ഞതിനാലാണ് ഞാനിപ്രകാരം പറയുന്നതെന്ന് ചിലർ സംശയിച്ചിരുന്നു. ആർക്കു വേണ്ടി ഞാൻ ചങ്ങല ധരിച്ചുവോ, അവനത്രേ എന്റെ സാക്ഷി. മാംസരക്തങ്ങളല്ല, ഇക്കാര്യം എനിക്ക് വെളിപ്പെടുത്തിത്തന്നത്.

ആത്മാവത്രേ പ്രബോധിപ്പിച്ചുകൊണ്ട് ഇപ്രകാരം പറയുന്നത്: 'മെത്രാനെ കൂടാതെ യാതൊന്നും നിങ്ങൾ ചെയ്യരുത്, ദൈവാലയമെന്നവണ്ണം ശരീരത്തെ സൂക്ഷിപ്പിൻ, ഐക്യതയെ സ്നേഹിക്കുവിൻ, ഭിന്നതയെ വിട്ടൊഴിയുവിൻ, പിതാവിനെ അനുകരിച്ച യേശുക്രിസ്തുവിനെ നിങ്ങൾ അനുഗമിപ്പിൻ.'

8. ഐക്യത്തിനായി സമർപ്പിക്കപ്പെട്ടവനെപ്പോലെ ഞാനെന്റെ ദൗത്യങ്ങൾ നിറവേറ്റി, അനൈക്യവും വിദ്വേഷവും ഉള്ള സ്ഥലത്ത് ദൈവം വസിക്കുന്നില്ല. ഇപ്പോൾ ദൈവം, അനുതപിക്കുന്നവർക്കും അനുതാപത്താൽ ദൈവവുമായും മെത്രാന്റെ ഉപദേശ സമിതിയുമായും ഐക്യതപ്പെടുന്നവർക്കും ക്ഷമ നൽകുന്നു. ഓരോ ബന്ധനത്തിൽ നിന്നും നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്ന യേശുക്രിസ്തുവിന്റെ കൃപയിൽ എനിക്ക് വിശ്വാസമുണ്ട്. വിഭാഗീയ ചിന്തകളാൽ നിങ്ങൾ യാതൊന്നും പ്രവർത്തിക്കരുതെന്നും ക്രിസ്തുവിന്റെ ഉപദേശങ്ങളെ പിന്തുടരണമെന്നും ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

ചില ആളുകൾ ഞാൻ കേൾക്കുമാറ് ഇപ്രകാരം പറയുന്നു. 'നമ്മുടെ പുരാതന രേഖകളിൽ നിന്നുള്ള വ്യക്തമായ നിർദ്ദേശം ലഭിക്കാതെ ഞാൻ സുവിശേഷത്തിൽ വിശ്വസിക്കുകയില്ല.' പുരാതന രേഖകളിൽ നിശ്ചയമായും അപ്രകാരം കാണുന്നതായി ഞാൻ ഉറപ്പ് കൊടുക്കുമ്പോൾ അവർ വളച്ചൊടിക്കും. 'അവ സംശയാതീതമല്ല.' എന്റെ രേഖകൾ യേശുക്രിസ്തു തന്നെ. അവന്റെ കുരിശുമരണവും പുനരുത്ഥാനവും അവനിലൂടെയുള്ള വിശ്വാസവും എനിക്ക് അനിഷേധ്യമായ രേഖകളത്രേ. അവയാലും നിങ്ങളുടെ പ്രാർത്ഥനകളാലുമത്രേ ഞാൻ നീതീകരിക്കപ്പെടേണ്ടിയിരിക്കുന്നത്.

9. പുരോഹിതന്മാരും പ്രകീർത്തിക്കപ്പെടേണ്ടവരാകുന്നു. എന്നാൽ മഹാപുരോഹിതൻ കൂടുതൽ ബഹുമാനാർഹനത്രേ. ശുദ്ധതകളുടെ വിശുദ്ധ സ്ഥലം അദ്ദേഹത്തിനുള്ളതത്രേ. ദൈവികരഹസ്യങ്ങൾ അദ്ദേഹത്തിനു മാത്രം വെളിപ്പെട്ടിരിക്കുന്നു. അദ്ദേഹം മാത്രമാകുന്നു പിതാവിലേക്കുള്ള വാതിൽ; അതിലൂടെയത്രേ അബ്രഹാമും യിസഹാക്കും യാക്കോബും പ്രവാചകന്മാരും അപ്പോസ്തോലന്മാരും സഭയും പ്രവേശിക്കുന്നത്. ദൈവവുമായി ഐക്യപ്പെടുന്നതിന് സ്വന്തമായ സംഭാവനകൾ നൽകിയവരാണിവർ. എന്നാൽ നമ്മുടെ രക്ഷകനും കർത്താവുമായ യേശുമശിഹായുടെ മനുഷ്യാവതാരം, കഷ്ടാനുഭവം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് സുവിശേഷം കൂടുതൽ വ്യക്തമായ സാക്ഷ്യം വഹിക്കുന്നു. സ്നേഹിക്കപ്പെട്ട പ്രവാചകന്മാർ അവരുടെ വചനങ്ങളിലൂടെ അവരെ പ്രതീക്ഷിച്ചു, എന്നാൽ സുവിശേഷം മനുഷ്യന്റെ അനശ്വരതയുടെ ശിരസ്സിൽ മകുടം ചാർത്തുന്നു. നിങ്ങൾക്ക് സ്നേഹത്തിലധിഷ്ഠിതമായ വിശ്വാസമുണ്ടെങ്കിൽ ഇവയെല്ലാം ഒരുപോലെ നല്ലതത്രേ.

10. ക്രിസ്തുയേശുവിൽ നിങ്ങളുടെ ദയയും നിങ്ങളുടെ പ്രാർത്ഥനകളും ഹേതുവായിട്ട് സിറിയായിലെ അന്ത്യോഖ്യൻ സഭയിൽ സമാധാനം കരഗതമായി എന്ന വാർത്ത എനിക്കു ലഭിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ശെമ്മാശന്മാരിൽ ഒരാളെ, ദൈവത്തിന്റെ സ്ഥാനപതി എന്ന നിലയിൽ അങ്ങോട്ട് നിയമിക്കുവാൻ, ദൈവത്തിന്റെ സഭ എന്ന നിലയിൽ നിങ്ങൾക്ക് ചുമതലയുള്ളതത്രേ. അവർ ഏകയോഗക്ഷേമത്തിനായി സമ്മേളിക്കുമ്പോൾ അവർക്ക് നിങ്ങൾ ആശംസകൾ അർപ്പിക്കുകയും (ദൈവ) നാമത്തെ മഹത്വപ്പെടുത്തുകയും ചെയ്തുകൊൾവിൻ. ഈ ദൗത്യവുമായി പോകുവാൻ അർഹനെന്ന് നിങ്ങൾക്ക് ബോധ്യമുള്ള ആളിൽ യേശുക്രിസ്തുവിന്റെ അനുഗ്രഹം വസിക്കട്ടെ. ദൈവത്തെപ്രതി ഇത് ചെയ്യുക നിങ്ങളെ സംബന്ധിച്ചിടത്തോളം അസാധ്യമല്ല. മെത്രാന്മാരേയും പുരോഹിതന്മാരേയും അയച്ചുകൊണ്ട് ചില അയൽ സഭകൾ ചെയ്തതുപോലെ നിങ്ങൾക്കും പ്രവർത്തിക്കാവുന്നതേയുള്ളു.

11. സുപ്രസിദ്ധനായ (കിലിക്യയിലെ) ഫിലോ ശെമ്മാശൻ ദൈവവചന പ്രഘോഷണത്തിൽ എന്നെ സഹായിച്ചുകൊണ്ട് എന്റെ കൂടെയുണ്ട്. സ്വന്തം ഭൗതിക ജീവിതത്തോട് യാത്രപറഞ്ഞ് സിറിയാ മുതൽ എന്നെ അനുഗമിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട റേയൂസ് അഥവാ ഫോയൂസും എന്നോടൊന്നിച്ചുണ്ട്. നിങ്ങളിൽനിന്ന് അവർക്കു ലഭിച്ച സ്വീകരണങ്ങളെക്കുറിച്ച് അവർ രണ്ടുപേരും നല്ല സാക്ഷ്യങ്ങൾ നൽകുന്നു. നിങ്ങളെപ്രതി ഞാൻ ദൈവത്തോട് നന്ദി പ്രകാശിപ്പിക്കുന്നു. കർത്താവിൽ നിന്ന് നിങ്ങൾക്ക് ഒട്ടും ചെറുതല്ലാത്ത സ്വീകരണം ലഭിക്കട്ടെ, അവരെ നിന്ദിച്ചവരെ കർത്താവ് തന്റെ ഔദാര്യത്താൽ വീണ്ടെടുക്കട്ടെ.

ത്രാവോസിലെ സഹോദരന്മാർ സ്നേഹസമ്പൂർണ്ണമായ ആശംസകൾ നിങ്ങൾക്കയച്ചുതരുന്നു. എന്റെ ബഹുമാനാർത്ഥം എഫേസ്യരും സ്മിർണാക്കാരും എന്നോടൊന്നിച്ചയച്ച ബൂറസ്സിന്റെ കൈകളാൽ അവിടെ വെച്ച് (ത്രാവോസ്) ഇത് എഴുതിയിരിക്കുന്നു. ശരീരത്തിലും ആത്മാവിലും ദേഹിയിലും വിശ്വാസത്തിലും സ്നേഹത്തിലും ഐക്യതയിലും അവർ പ്രത്യാശ അർപ്പിച്ച യേശുക്രിസ്തു അവരെ ബഹുമാനിക്കട്ടെ.

നമ്മുടെ പൊതുപ്രത്യാശയായ യേശുക്രിസ്തുവിലുള്ള ഐക്യത്തിൽ ഏവരോടും യാത്ര പറയുന്നു.



ലേഖനം

പെരുന്നാളുകൾ

ഫാ. സജി വർഗ്ഗീസ് അമയിൽ

ദൈവജനത്തിന്റെ ആരാധനാ ജീവിതത്തിൽ അതിപ്രമുഖമായ സ്ഥാനമാണ് പെരുന്നാളുകൾക്ക് വി. വേദപുസ്തകവും ദൈവശാസ്ത്രവും നൽകിയിരിക്കുന്നത്. വിടുതലിന്റെയും വിമോചനത്തിന്റെയും സമൂഹനിർമ്മിതിയുടെയും ദർശനങ്ങളാണ് പെരുന്നാളുകളെ അർത്ഥപൂർണ്ണമായ ആരാധനാനുഭവമാക്കി ത്തീർക്കുന്നത്. "നീ സംവത്സരത്തെ നിന്റെ നന്മകൊണ്ട് അലങ്കരിക്കുന്നു" എന്നത് 65-ാം സങ്കീർത്തനം 11-ാം വാക്യത്തിന്റെ പ്രഖ്യാപനമാണ്. ദൈവശാസ്ത്രത്തിൽ കാലവും (Cycle), കിരീടധാരണവും (Crown) ധ്വനിപ്പിക്കുന്നത് ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളാണ്. 365 ദിവസം കൊണ്ട് ഭൂമി സൂര്യനെ വലംവച്ചുവരുന്നതുപോലെ ഒരുവർഷം കൊണ്ട് ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനങ്ങളെ ഓർമ്മിപ്പിക്കുവാനാണ് വിവിധ ആരാധനാ കാലങ്ങളും പെരുന്നാൾ ആഘോഷങ്ങളും സഭ ക്രമീകരിച്ചിരിക്കുന്നത്.

ഫറവോന്റെ അടിമക്കളങ്ങളിൽ നിന്നുള്ള വിമോചനത്തിന്റെ ദീപ്തമായ സ്മരണയുടെ ആഘോഷമാണ് വി. വേദപുസ്തകത്തിൽ നാം കണ്ടുമുട്ടുന്ന പെരുന്നാളിന്റെ ആദിരൂപം. പുറപ്പാട് 12:1-11, 24:1-11 തുടങ്ങിയവ പ്രത്യേക കാലങ്ങളെ പെരുന്നാളുകളായി ആചരിക്കേണ്ട ആവശ്യകത വ്യക്തമാക്കുന്നു. പുറപ്പാട് 23:14-17 പെരുന്നാളുകളെപ്പറ്റി ശരിയായി വിശദീകരണം നൽകുന്നു. "സംവത്സരത്തിന്റെ മൂന്നുപ്രാവശ്യം എനിക്ക് ഉത്സവം ആചരിക്കണം. പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവം ആചരിക്കണം. ഞാൻ നിന്നോടു കൽപ്പിച്ചതുപോലെ ആബീബ് മാസത്തിന്റെ നിശ്ചിത സമയത്ത് ഏഴുദിവസം പുളിപ്പില്ലാത്ത അപ്പം തിന്നുക. അന്നല്ലോ നീ മിസ്രയീമിൽ നിന്ന് പുറപ്പെട്ടു പോന്നത്. എന്നാൽ വെറും കയ്യോടെ എന്റെ മുമ്പാകെ വരരുത്. വയലിൽ വിതച്ച വിതയുടെ ആദ്യഫലം എടുക്കുന്ന കൊയ്ത്തുപെരുന്നാളും, ആണ്ടറുതിയിൽ വയലിൽ നിന്ന് നിന്റെ വേലയുടെ ഫലം കൂട്ടിത്തീരുമ്പോൾ കായ്കനി പെരുന്നാളും ആചരിക്കണം". കർത്താവ് ദൈവജനത്തിനു നൽകിയ പെരുന്നാളുകളുടെ പട്ടികയാണിത്. ലേവ്യ പുസ്തകം 23-ാം അദ്ധ്യായം പെരുന്നാളുകളെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. കൂടാതെ പുറപ്പാട് 23:14, 34:23, ആവർത്തനം 16:16, ലേവ്യ 21:40, ആവർത്തനം 16:14, ലേവ്യ. 17:11, സംഖ്യ 28:22, യെഹസ്കേൽ 14:17-20 തുടങ്ങിയ ഭാഗങ്ങൾ പെരുന്നാളുകളെപ്പറ്റി വിശദീകരണം നൽകുന്നു.

യഹൂദ ഉത്സവങ്ങളിൽ സജീവമായി പങ്കെടുക്കുന്ന ക്രിസ്തു പുതിയ നിയമത്തിൽ ഉണ്ട്. ലൂക്കോസ് 2:41-42 വരെയുള്ള ഭാഗങ്ങളിൽ ആണ്ടുതോറും പെസഹാ പെരുന്നാളിന് പങ്കെടുക്കുവാൻ യെരുശലേമിൽ പോകുന്ന ക്രിസ്തുവിന്റെ മാതാപിതാക്കളെപ്പറ്റിയും 12-ാം വയസ്സിൽ പതിവനുസ്സരിച്ച് പെരുന്നാളിനുപോകുന്ന ക്രിസ്തുവിനെപ്പറ്റിയും സംസാരിക്കുന്നു. പതിവ് യഹൂദന്റെ ആരാധനാ നിഷ്ഠയുമായി ബന്ധപ്പെട്ട പദമാണ്. പരസ്യശുശ്രൂഷാകാലത്ത് ദേവാലയത്തിലെ പെരുന്നാളുകളിൽ യേശു പതിവായി പങ്കെടുത്തിരുന്നു. യഹൂദന്മാരുടെ പെസഹാ അടുത്തിരുന്നതിനാൽ യേശു യെരുശലേമിലേക്കുപോയി എന്ന യോഹന്നാൻ 2:13 ഉം പെരുന്നാൾ പകുതിയായപ്പോൾ അവൻ ദേവാലയത്തിൽ ചെന്ന് പഠിപ്പിച്ചുതുടങ്ങി എന്ന യോഹന്നാന്റെ 7:13 ഉം പരിശുദ്ധ കന്യകമറിയാം ശിഷ്യന്മാരോടൊപ്പം നടത്തുന്ന പെന്തിക്കോസ്തി പെരുന്നാളും വി. വേദപുസ്തകത്തിലെ പെരുന്നാളുകളുടെ സ്ഥാനം വ്യക്തമാക്കുന്നു. യെരുശലേമിലെ പെസഹാ പെരുന്നാളിൽ പങ്കെടുക്കുവാനാണ് ക്രിസ്തു തന്റെ ഓശാനാ യാത്ര ആരംഭിച്ചത്. ഇവയെല്ലാം പെരുന്നാളുകളിൽ ക്രിസ്തുവിന്റെ സജീവ സാന്നിദ്ധ്യത്തെ കുറിക്കുന്നു.

പെരുന്നാളുകളുടെ സ്വഭാവമനുസരിച്ച് അവയെ നാലായി തരംതിരിക്കാം.

1. മോറാനായ പെരുന്നാൾ (Christological)
2. റൂഹായ്ക്കടുത്ത പെരുന്നാൾ (Phneumatological)
3. സഭാ പെരുന്നാളുകൾ (Ecclesiological)
4. വിശുദ്ധരുടെ പെരുന്നാളുകൾ (Feast of Saints)

മോറാനായ പെരുന്നാൾ (Christological)

മോർ എന്ന സുറിയാനി പദത്തിന് കർത്താവ് എന്നും മോറാനായ എന്ന പദത്തിന് കർത്താവിനെക്കുറിച്ച് എന്നുമാണ് അർത്ഥം. ക്രിസ്തുവിന്റെ ജനനം, മരണം, പുനരുത്ഥാനം എന്നിവയാണ് മോറാനായ പെരുന്നാളുകളുടെ അടിസ്ഥാനം. മോറാനായ പെരുന്നാളുകൾ മൂന്നുവിധത്തിൽ ക്രമീകരിക്കപ്പെടുന്നു.

1. നമ്മുടെ കർത്താവിന്റെ രക്ഷാകരമായ പെരുന്നാളുകൾ
2. മോറാനായയുടെ കൂടെ കണക്കിടപ്പെടേണ്ടവ
3. മോറാനായ പോലെ കണക്കിടപ്പെടേണ്ടവ

1. കർത്താവിന്റെ രക്ഷാകരമായ പെരുന്നാളുകൾ

1. ജനനപ്പെരുന്നാൾ - ഡിസംബർ 25
2. ചേലാകർമ്മം - ജനുവരി 1
3. ദനഹാ - ജനുവരി 6
4. മായൽതോ - ഫെബ്രുവരി 2
5. ദൈവമാതാവിനോടുള്ള അറിയിപ്പ് - മാർച്ച് 25 (നോമ്പു ദിവസമായാലും കഷ്ടാനുഭവ ആഴ്ചയായാലും വി. കുർബ്ബാന നിർബന്ധം)
6. സ്വർഗ്ഗാരോഹണം
7. പെന്തിക്കോസ്തി
8. കൂടാരപ്പെരുന്നാൾ - ആഗസ്റ്റ് 6
9. സ്ലീബാ പെരുന്നാൾ - സെപ്റ്റംബർ 14
10. കർത്താവിന്റെ പെസഹാ
11. ദു:ഖവെള്ളി
12. ഉയിർപ്പ് പെരുന്നാൾ

വിശുദ്ധ കുർബ്ബാനയിലെ നിർബന്ധമായ പങ്കാളിത്തം, ലൗകികവേലകളിൽനിന്നുള്ള പിന്മാറ്റം തുടങ്ങിയവ ഈ മോറാനായ പെരുന്നാളുകളുടെ നിഷ്ക്കർഷയായി സഭ ക്രമീകരിച്ചിരിക്കുന്നു.

2. മോറാനായയുടെ കൂടെ കണക്കിടപ്പെടേണ്ടവ

1. മൂന്നുനോമ്പിലെ ബുധനാഴ്ച
2. ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ)- ആഗസ്റ്റ് 15 എന്നിവയാണ് മോറാനായയുടെ കൂടെ കണക്കിടപ്പെടേണ്ട പെരുന്നാളുകൾ.

നോമ്പു വീടുന്ന ദിനമായതിനാൽ വി. കുർബ്ബാനയുള്ള പങ്കാളിത്തം സഭ നിഷ്ക്കർഷിക്കുന്നു.

3. മോറാനായപോലെ കണക്കിടപ്പെടേണ്ടവ

1. വി. ദൈവമാതാവിന്റെ പെരുന്നാൾ
2. വലിയനോമ്പിലെ ആദ്യ ശനിയാഴ്ച
3. മാർ തോമാശ്ലീഹായുടെ ഓർമ്മ
4. മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ
5. വി. ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ

ഈ ദിനങ്ങളിൽ വി. കുർബ്ബാനയിലുള്ള പങ്കാളിത്തത്തിനുശേഷം മറ്റ് ജോലികൾ ചെയ്യുന്നതിന് വിരോധമില്ല എന്ന് സഭ നിഷ്ക്കർഷിക്കുന്നു. പള്ളിപ്പെരുന്നാളുകൾ ആ ദേവാലയം ആരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവോ ആ പരിശുദ്ധന്റെ ഓർമ്മയുമായി ബന്ധപ്പെട്ടാണ് നടത്തുന്നത്. വാങ്ങിപ്പോയ വിശുദ്ധന്മാർ ജഢത്തിൽ നമ്മോടുകൂടെ ഇല്ലെങ്കിലും ആത്മാവിൽ നമ്മോടുകൂടെ ഉണ്ട്. അവരോടുകൂടെ ഉള്ള സംസർഗ്ഗത്തിന് പെരുന്നാളുകൾ നമ്മെ സഹായിക്കുന്നു. ഈ പെരുന്നാൾ ദിനങ്ങളെ മാറാനായപോലെ കണക്കിടുന്ന പാരമ്പര്യമാണ് സഭയ്ക്കുള്ളത്.

ഈസ്റ്റർ ദിനം

കർത്താവിന്റെ ഉയിർത്തെഴുന്നേൽപിന്റെ ആഘോഷം എല്ലാ പെരുന്നാളുകളുടെയും സജീവതയാണ്. പെരുന്നാളുകളിൽ വച്ച് ഈസ്റ്റർ ദിനത്തിന്റെ പ്രത്യേകത അതുകൊണ്ട് തന്നെ വലുതാണ്. ഈസ്റ്റർ ദിനത്തിന്റെ ദിവസം അനുസരിച്ചാണ് മറ്റ് പെരുന്നാളുകളുടെ തീയതിയും ദിവസവും ക്രമീകരിക്കപ്പെടുന്നത് (മുൻകൂട്ടി തീയതി നിശ്ചയിക്കപ്പെട്ടിരിക്കുന്നവയുടെ). ഈസ്റ്റർ ദിവസം കണക്കാക്കുന്നതിന് യഹൂദന്മാരുടെ പെസഹാ പെരുന്നാളുകളുടെ തീയതി നിർണ്ണയവുമായി സാമ്യമുണ്ട്. സൂര്യചന്ദ്രന്മാരുടെ ചലനം അനുസരിച്ച് പെസഹാ പെരുന്നാളിന്റെ തീയതി നിർണ്ണയിച്ചിരുന്ന പാരമ്പര്യം ഈസ്റ്റർ ദിവസം കണക്കാക്കുന്നതിനും തുടർന്നുവരുന്നു. വസന്തവിഷുകം (Vernal Equinon) എന്ന രീതിശാസ്ത്രമാണ് സൂര്യചന്ദ്രന്മാരുടെ ചലനത്തെപ്പറ്റി അറിവുകൾ നൽകുന്നത്. ആണ്ടിൽ രണ്ടുദിവസം പകലും രാത്രിയും ഭൂമദ്ധ്യരേഖയിൽ സമം സമം ആയി വരും (മാർച്ച് 21, സെപ്റ്റംബർ 23). അതുകഴിഞ്ഞുവരുന്ന പൗർണ്ണമിയുടെ പിറ്റേ ഞായറാഴ്ച ആണ് ഈസ്റ്റർ ദിനമായി കണക്കാക്കപ്പെടുന്നത്. പൗർണ്ണമി ഞായറാഴ്ച ആയാൽ അതിനടുത്ത ഞായറാഴ്ച ഈസ്റ്റർ ദിനമായി കണക്കാക്കപ്പെടുന്നു. ഈസ്റ്റർ ദിനത്തിനായി പരിഗണിക്കപ്പെടുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22 ഉം ഏറ്റവും താമസിച്ചുള്ള തീയതി ഏപ്രിൽ 25 ഉം ആണ്.

കൃംതാ പെരുന്നാൾ അനിശ്ചിത ഉത്സവമായും യൽദോ പെരുന്നാൾ നിശ്ചിത ഉത്സവമായിട്ടാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഈസ്റ്റർ തീയതി നിർണ്ണയിക്കുന്നതിന് പൗരസ്ത്യ സഭ ആകാശത്തിലെ പൗർണ്ണമിയുമായി ബന്ധമില്ലായെന്ന ചിന്തയും നിലവിലുണ്ട്. പുരാതനമായ "എപ്പകത്തി" കണക്കനുസരിച്ചാണ് പൗരസ്ത്യ സഭ ഈസ്റ്റർ തീയതി കണക്കാക്കുന്നത് എന്ന ചിന്തയും പ്രബലമാണ്.

നിഖ്യാസുന്നഹദോസിൽ കൃംതാ യഹൂദന്മാരുടെ പെസഹാ ദിവസമോ അതിനുമുമ്പോ ആചരിച്ചുകൂടായെന്നും എല്ലാ ആണ്ടിലും അത് കഴിഞ്ഞുമാത്രം ആചരിക്കണം എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

പെരുന്നാളുകളും വാദ്യമേളങ്ങളും

പഴയനിയമ പെരുന്നാളുകളുടെ എല്ലാം പശ്ചാത്തലം കാർഷിക ഉത്സവങ്ങളായിരുന്നു. ഭൂമിയിൽ പണിയെടുത്ത് കഷ്ടപ്പെടുന്ന മനുഷ്യൻ വർഷത്തിൽ ഒരിക്കൽ ദൈവസന്നിധിയിൽ ഒത്തുകൂടുന്നത് അവരുടെ കൂട്ടായ്മയുടെയും സന്തോഷത്തിന്റെയും സമർപ്പണത്തിന്റെയും പ്രതീകമായിട്ടായിരുന്നു. തപ്പുകളോടും താളങ്ങളോടും അവർ ഈ പെരുന്നാളുകളിൽ പങ്കെടുത്തിരുന്നു. അതുകൊണ്ടുതന്നെ വാദ്യമേളങ്ങൾ പെരുന്നാളുകളുടെ ഭാഗമാണ്. എന്നാൽ സമകാലീന ചുറ്റുപാടിൽ വാദ്യമേളങ്ങൾ പണക്കൊഴുപ്പിന്റെയും ലഹരിയുടെയും കൂത്തരങ്ങുകളായി മാറിയപ്പോൾ നിയന്ത്രണം എന്നനിലയിൽ മാത്രമാണ് ചില പിതാക്കന്മാർ വാദ്യമേളങ്ങളെ നിരുത്സാഹപ്പെടുത്തിയത്.

പെരുന്നാളുകളും പ്രദക്ഷിണവും

പ്രദക്ഷിണങ്ങൾക്ക് രണ്ട് രീതികൾ സഭ നിഷ്ക്കർഷിക്കുന്നു. പെരുന്നാളുകൾക്ക് ദേവാലയത്തിന്റെ വടക്കേ വാതിലുവഴി ഇറങ്ങി ദേവാലയത്തെ വലംവച്ച് തെക്കേ വാതിലുവഴി കയറുന്ന രീതിയും ദു:ഖവെള്ളിയാഴ്ച ശുശ്രൂഷകൾക്ക് തെക്കേവാതിലുവഴി ഇറങ്ങി ദേവാലയത്തെ വലംവച്ച് വടക്കേവാതിലുവഴി ഉള്ളിലേക്ക് പ്രവേശിക്കുന്ന രീതിയും. ആദ്യത്തേത് ക്രിസ്തുവിന്റെ ജയത്തേയും രണ്ടാമത്തേത് ക്രിസ്തുവിന്റെ കഷ്ടാനുഭവത്തേയും കുറിക്കുന്നതു മൂലമാണ് ഈ വ്യത്യസ്ത ക്രമീകരണം.

പെരുന്നാൾ പ്രദക്ഷിണങ്ങളുടെ ക്രമീകരണം എപ്രകാരം?

രഹസ്യം എന്ന് സുറിയാനിയിൽ അർത്ഥമുള്ള റോസോ എന്നപദത്തിൽനിന്ന് ഉണ്ടായി എന്ന് വിശ്വസിക്കുന്ന റാസാ എന്ന പദമാണ് ഇന്ന് പൊതുവായി പെരുന്നാൾ പ്രദക്ഷിണത്തെ കുറിക്കുവാൻ ഉപയോഗിക്കുന്നു. റാസാ അതിന്റെ എല്ലാ അർത്ഥത്തിലും ഉപയോഗിക്കപ്പെടുവാൻ കഴിയുന്നത് കത്തോലിക്കാ പാരമ്പര്യത്തിൽ ആയതിനാൽ പൗരസ്ത്യ സഭ പ്രദക്ഷിണം എന്നപദത്തിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. വിശുദ്ധ ബലിപീഠത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്ന വലിയ ദൗത്യമാണ് പ്രദക്ഷിണങ്ങൾക്കുള്ളത്. തീർത്ഥാടക സമൂഹമായ സഭയുടെ സാക്ഷ്യത്തിന്റെ പ്രഖ്യാപനമായി പ്രദക്ഷിണങ്ങളെ വ്യാഖ്യാനിക്കാം.

യഹൂദന്മാരുടെ ദേവാലയ ആരാധനയിൽ കത്തിച്ച ദീപവും പിടിച്ചുകൊണ്ടുള്ള പ്രദക്ഷിണങ്ങൾ ഉണ്ടായി. ദൈവജനത്തിന്റെ വാഗ്ദത്തദേശത്തേയ്ക്കുള്ള മരുഭൂപ്രയാണം, യരീഹോ വൻമതിലിന്റെ ചുറ്റുമുള്ള ഏഴു പ്രദക്ഷിണം (സംഖ്യ. 16:46-50) എബ്രായ ലേഖനത്തിലെ (എബ്രായ 11:30) ദേശത്തുനിന്ന് ബാധകളെ നീക്കുവാനുള്ള ധൂപാർപ്പണം തുടങ്ങിയവ പ്രദക്ഷിണങ്ങൾക്ക് ഉദാഹരണങ്ങളാണ്.

കേരളീയ സംസ്കൃതിക്ക് ക്രൈസ്തവ മാനം നൽകിയ ഒന്നാണ് *പ്രദക്ഷിണം* എന്നും *റാസ* എന്നും പറയുന്ന, പെരുന്നാളുകളോട് അനുബന്ധിച്ച് പള്ളിമതിലിനു പുറത്തേയ്ക്കു നടത്തുന്ന *ഊരുവലത്തുകൾ.* യഥാർത്ഥ നസ്രാണി പ്രദക്ഷിണത്തിന് വ്യക്തമായ ഒരു രൂപരേഖയുണ്ട്.

ഏറ്റവും മുമ്പിൽ തീവെട്ടി. അതിനു പിന്നിൽ കൊടി, പിന്നീട് വെട്ടുകുട (*തഴകുട*), അതിനു പിന്നിൽ മുത്തുക്കുടകൾ, മുത്തുക്കുടയ്ക്കു ശേഷം തടിക്കുരിശ്, അതിനു പിമ്പിൽ ഏറ്റവും പിറകിൽ സ്വർണ്ണക്കുരിശു വരുന്ന രീതിയിൽ മറ്റു ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ കുരിശുകൾ. അതിനു പിന്നിൽ കോലുവിളക്ക്, അതിനു പിന്നിൽ ധൂപക്കുറ്റിയേന്തിയ ശുശ്രൂഷകൻ, അതിനു പിന്നിൽ വി. ഏവൻഗേലിയോനും അതിനു അകമ്പടിയായി മെഴുകുതിരികളും. ഏറ്റവും പിന്നിൽ മേക്കട്ടി (*നടപന്തൽ*), നടപന്തലിനുള്ളിൽ മറുവഹസകളാലും കിലുക്കുമണികളാലും അകമ്പടി സേവിക്കപ്പെടുന്ന പൂർണ അംശവസ്ത്രവും വെട്ടുതൊപ്പിയും ധരിച്ച് അരളിക്ക/സ്ലീബാ വഹിക്കുന്ന പട്ടക്കാരൻ. ഇതാണ് ഒരു പ്രദക്ഷിണത്തിന്റെ പരമ്പരാഗത രൂപം. എന്നാൽ തീവെട്ടി, അരുളിക്ക, കോലുവിളക്ക്, വെട്ടുതൊപ്പി മുതലായവ ചില പ്രദേശങ്ങളിൽ മാത്രം കാണുന്ന പാരമ്പര്യമാണ് (പ്രദക്ഷിണത്തിന്റെ മുമ്പിൽ, തീവെട്ടിക്കു പിമ്പിൽ, വേണമെങ്കിൽ ഒരു തടിക്കരിശുമാകാം.) തീവെട്ടിക്കു പിമ്പിലും കുരിശുകൾക്കു മുമ്പിലുമായി വാദ്യമേളങ്ങൾ ക്രമീകരിക്കും. അവയിൽ പ്രഥമസ്ഥാനം നാടൻചെണ്ടയ്ക്കാണ്. നമ്മുടെ കർത്താവിന്റെ മുന്നോടിയായ വി. യോഹന്നാൻ സ്നാപകനെ പ്രതീകവൽക്കരിക്കുന്ന കോലുവിളക്ക് മുൻകാലങ്ങളിൽ പിറകോട്ടു തിരിച്ചാണ് പിടിച്ചിരുന്നത്. ഈ ക്രമീകരണത്തിന് വ്യക്തമായ വേദശാസ്ത്ര വിശദീകരണവും മലങ്കര സഭ നൽകിയിട്ടുണ്ട്.

5. റാസയോ പ്രദക്ഷിണമോ?

വാച്യാർത്ഥത്തിൽ *പ്രദക്ഷിണം* എന്നതും *റാസ* എന്നതും ശരിയല്ല. ദക്ഷിണഭാഗത്തേയ്ക്ക് (Clockwise) നടത്തുന്നതാണ് പ്രദക്ഷിണം. സുറിയാനി പാരമ്പര്യത്തിൽ ദുഃഖവെള്ളി, വദെ ദൽമിനെ ഇവയൊഴികെയുള്ളവയെല്ലാം അപ്രദക്ഷിണമാണ് (Anticlockwise). എന്നാൽ മലയാളത്തിൽ ഊരുചുറ്റുൽസവങ്ങൾക്ക് *ഊരുവലത്ത്* എന്നു പരക്കെ ഉപയോഗിക്കുന്നുണ്ട്. അതിനാൽ സാങ്കേ

തികമായി *പ്രദക്ഷിണം* എന്നുപയോഗിക്കുന്നതിൽ തെറ്റില്ല.

റോമൻ കത്തോലിക്കാ പ്രദക്ഷിണങ്ങളിൽ വി. കുർബാന അരളിയ്ക്കായ്ക്കുള്ളിൽ വഹിക്കുന്നതിനാലാണ് റാസ (രഹസ്യം - Mystery) എന്ന നാമം നിലവിൽ വന്നത്. മലങ്കരസഭ അരളിയ്ക്കാക്കുള്ളിൽ ഒരു കുരിശോ വിശുദ്ധരുടെ ചിത്രങ്ങളോ ആണ് സ്ഥാപിച്ചിരിക്കുന്നത്. അതിനാൽ *റാസാ* എന്ന വിശേഷണം അവയ്ക്ക് അനുയോജ്യമല്ല. എന്നാൽ പാടിപ്പതിഞ്ഞ ഒരു പദം എന്ന നിലയിൽ ആരെങ്കിലും റാസാ എന്നുപയോഗിച്ചാൽ അതിനെ വിലക്കേണ്ടതുമില്ല.

6. പ്രദക്ഷിണത്തിൽ വാദ്യമേളങ്ങൾ ഉപയോഗിക്കുന്നത് എന്തിന്?

അടിസ്ഥാനപരമായി ക്രിസ്തുമാർഗ്ഗത്തിന്റെ കേരളീയ വികസനത്തിന്റെ ഭാഗമാണ് പള്ളിമതിലിനു പുറത്തുള്ള പ്രദക്ഷിണങ്ങൾ. പൊതുകേരളീയ സംസ്കൃതിയിൽനിന്നും സമാന്തരമായി വികസിച്ച പള്ളി പ്രദക്ഷിണത്തിനും ക്ഷേത്ര ഊരുവലത്തുകൾക്കും തികച്ചും സമാനതയുണ്ട്. അതിന്റെ ഭാഗമാണ് ഇവയിൽ ഉപയോഗിക്കുന്ന വാദ്യമേളങ്ങൾ.

കർത്താവിന്റെ രണ്ടാമത്തെ വരവ് എന്നരീതിയിലാണ് പെരുന്നാൾ പ്രദക്ഷിണങ്ങളെ മലങ്കരസഭ വ്യാഖ്യാനിക്കുന്നത്. *... കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ...* പുനരാഗമനം ചെയ്യും എന്ന പഠിപ്പിക്കലാണ് വാദ്യമേളങ്ങളാൽ പ്രതീകവത്കരിക്കപ്പെടുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിലെത്തിയ അന്ത്യോഖ്യൻ മെത്രാൻമാർ പ്രദക്ഷിണത്തിനും വാദ്യമേളങ്ങൾക്കും എതിരായിരുന്നു. തന്റെ അറബിസംസ്ക്കാരമൊഴികെ മറ്റെല്ലാം അക്രൈസ്തവമെന്നു വിശ്വസിച്ചിരുന്ന പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ്, പ്രദക്ഷിണവും വാദ്യമേളങ്ങളും നിരോധിച്ചു. വെച്ചൂട്ടും പള്ളികളിലെ തൂക്കുവിളക്കുപോലും നിരോധിച്ച അദ്ദേഹത്തിന്റെ സഭാവിജ്ഞാനീയത്തെപ്പറ്റിയുള്ള അജ്ഞതയും തികഞ്ഞ സങ്കുചിതത്വവുമല്ലാതെ ഈ നിരോധനത്തിനു വേദശാസ്ത്ര അടിത്തറയൊന്നുമില്ല.

കേരളസംസ്കാരം സംഭാവന ചെയ്ത പ്രദക്ഷിണത്തിൽ കേരളീയ വാദ്യങ്ങൾ മാത്രമാവണം ഉപയോഗിക്കുവാൻ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാത്രം കേരളത്തിലെ റോമൻ കത്തോലിക്കർക്കിടയിൽ പ്രചരിച്ച *ബാന്റ്മേളം* എന്ന പാശ്ചാത്യവാദ്യവൃന്ദം പ്രദക്ഷിണങ്ങൾക്ക് ഉപയോഗിക്കുന്നത് അഭികാമ്യമല്ല. പാശ്ചാത്യമെല്ലാം ക്രൈസ്തവമെന്നും കേരളീയമെല്ലാം വേദവിപരീതമെന്നുമുള്ള തികച്ചും തെറ്റായ കാഴ്ചപ്പാട് ചിലർ ഇക്കാര്യത്തിലും വെച്ചുപുലർത്തുന്നുണ്ട്.

പെരുന്നാൾ എന്നവാക്കിന്റെ അർത്ഥം വലിയ ദിവസങ്ങൾ എന്നാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ, സഭാചരിത്രത്തിലെ സുപ്രധാന സംഭവങ്ങൾ എന്നിവ അനുസ്മരിക്കപ്പെടുവാനും അപ്പോസ്തോലന്മാർ, സഭാപിതാക്കന്മാർ തുടങ്ങിയവരുടെ ജീവിതമാതൃകകളെ സജീവമായി നിലനിർത്തുവാനും. പെരുന്നാളുകൾ നടത്തപ്പെടുന്നു. പെരുന്നാളുകളുടെ ആത്മീയാർത്ഥം നഷ്ടപ്പെടുത്തി ശക്തിപ്രകടനമായും മാറാൻ പാടില്ല. യെശയ്യാവ് 1:13-20, 58, ആമോസ് 4:16 തുടങ്ങിയ വേദഭാഗങ്ങൾ ആത്മീയാർത്ഥം നഷ്ടപ്പെടുത്തുന്ന പെരുന്നാളുകളെപ്പറ്റിയുള്ള ദു:ഖവും ശുദ്ധീകരണവുമാണ് ഉന്നംവെയ്ക്കുന്നത്. ഈ പ്രവാചക സന്ദേശങ്ങൾ കൂടുതൽ ആത്മീയബോധത്തോടെ പെരുന്നാളുകൾ ആചരിക്കുവാൻ ഏവരേയും നിർബന്ധിക്കുന്നു. ❑



കൃഷ്ണകുമാരിയുടെ സ്വപ്നം യാഥാർഥ്യമായി, സ്നേഹഭവനം കൈമാറി

കുന്നംകുളം: ഓട്ടിസം ബാധിച്ച ഏക മകൻ പതിനൊന്നു വയസ്സുള്ള വിഷ്ണുവും രോഗിയായ ഭർത്താവ് രവീന്ദ്രനും ഒപ്പം തകർന്നു വീഴാറായ വീട്ടിൽ ജീവിതം തള്ളിനീക്കിയിരുന്ന അംഗനവാടി ജീവനക്കാരി കടവല്ലൂർ ആലക്ക വളപ്പിൽ കൃഷ്ണകുമാരിക്ക് അടച്ചുറപ്പുള്ള മനോഹരമായ വീടെന്ന സ്വപ്നം യാഥാർത്ഥ്യമായി.

കഴിഞ്ഞ പ്രളയകാലത്ത് കൃഷ്ണകുമാരിയുടെയും കുടുംബത്തിന്റെയും അവസ്ഥ സാമൂഹ്യനീതി വകുപ്പ് ജീവനക്കാരി ബിജി ജോമോൻ അറിയിച്ചതിനെത്തുടർന്ന് ഷെയർ ആന്റ് കെയർ ചാരിറ്റബിൾ സൊസൈറ്റി കഴിഞ്ഞ ആഗസ്റ്റ് അവസാനത്തോടെ തന്നെ ഇവരെ മറ്റൊരു വീട്ടിലേക്ക് മാറ്റി താമസിപ്പിച്ചിരുന്നു. തുടർന്നാണ് 2 കിടപ്പുമുറികളും മറ്റു സൗകര്യങ്ങളും ഉള്ള 650 സ്ക്വയർ ഫീറ്റ് ഭവന പദ്ധതി ഷെയർ ആന്റ് കെയർ ചാരിറ്റബിൾ സൊസൈറ്റി ആരംഭിക്കുന്നത്. കുടുംബ വീട്ടിൽ നിന്ന് കൃഷ്ണകുമാരിക്ക് ലഭിച്ച 2 സെന്റ് സ്ഥലവും സഹോദരി ബീന സൗജന്യമായി നൽകിയ 2 സെന്റ് സ്ഥലവും ചേർത്ത് 4 സെൻറ്റിലാണ് ഭവനം നിർമ്മിച്ചിരിക്കുന്നത്.

പഴഞ്ഞി സ്വദേശി വടക്കേത്തലയ്ക്കൽ വി.കെ ബെന്നി തന്റെ ഗൃഹപ്രവേശത്തോട് അനുബന്ധിച്ച് ഭവന നിർമ്മാണ പദ്ധതിയിലേക്ക് 4 ലക്ഷം രൂപ സംഭാവനയായി നൽകിയിരുന്നു. അത്യാവശ്യമുള്ള ഗൃഹോപകരണങ്ങൾ ഉൾപ്പെടെ സ്നേഹ ഭവനത്തിൽ ഒരുക്കിയിട്ടുണ്ട്. ഷെയർ ഏന്റ് കെയർ ചാരിറ്റബിൾ സൊസൈറ്റി പ്രസിഡണ്ട് ലെബീബ് ഹസ്സൻ അധ്യക്ഷത വഹിച്ച സ്നേഹ ഭവനത്തിന്റെ താക്കോൽ ദാനച്ചടങ്ങ് ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസന സഹായ മെത്രാൻ ഡോ: ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

കടവല്ലൂർ അന്യോന്യ പരിഷത്ത് സെക്രട്ടറിയും പ്രമുഖ തച്ചുശാസ്ത്ര വിദഗ്ധനുമായ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, കടവല്ലൂർ ബദ്രിയ ജുമാ മസ്ജിദ് ഖത്തീബ് ജനാബ് അബ്ദുള്ള ഹസനി, പഞ്ചായത്ത് പ്രസിഡണ്ട് യു.പി ശോഭന, കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡണ്ട് ജോസഫ് ചാലിശ്ശേരി മുൻ പഞ്ചായത്ത് പ്രസിഡണ്ട് പി.എ രാജേന്ദ്രൻ വാർഡ് മെമ്പർ ഷീലകുമാരി, വി.എ ബെന്നി, ഷാജു ചീരൻ എന്നിവർ പ്രസംഗിച്ചു നിരവധി പ്രമുഖർ പങ്കെടുത്ത ചടങ്ങിൽ എം. ബിജു ബാൽ സ്വാഗതവും ഷമീർ ഇഞ്ചിക്കാലയിൽ നന്ദിയും പറഞ്ഞു. ❑

അനുതാപമെന്ന യൂ-ടേൺ

പെന്തിക്കോസ്തിക്ക് ശേഷം ആറാം ഞായർ

(വി. ലൂക്കോസ് 13.22-35)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ



മഹാഭാരത കഥയിൽ വനപർവ്വം 132 അദ്ധ്യായത്തിൽ പരാമർശിക്കുന്ന ജനകമഹാരാജാവിന്റെ കൊട്ടാരത്തിലെ വന്ദി എന്ന പണ്ഡിതനെ കുറിച്ച് വായിച്ചിട്ടുണ്ടോ? വാദത്തിൽ തോൽക്കുന്നവരെ വെള്ളത്തിൽ മുക്കികൊല്ലുകയാണ് വന്ദിയുടെ പതിവ്. ഈ കഥാപാത്രത്തെ പോലെ യേശുവിനെ പരാജയപ്പെടുത്തുവാൻ എത്തുന്ന പരീശന്മാരും,ഹെരോദാവും(13.31) നമ്മുടെ കാലത്തും സജീവമാണ്. ഹെരോദാവിനെ യേശു കുറുക്കനെന്നാണ് വിളിച്ചത്. ക്രിസ്തുവിന്റെ നാശത്തിനായി കൊതിക്കുന്നവരും എന്നാൽ 'രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ' എന്ന് ചോദിച്ചെത്തുന്ന മനുഷ്യനും അടങ്ങുന്ന രണ്ട് തരം സമൂഹം നമുക്കിടയിലുണ്ട്. പ്രകടനാത്മാകമായ ഭക്തിയോ, കൗദാശികാനുഭവമോ, വിശ്വാസത്തിന്റെ പ്രവൃത്തനങ്ങളെ വിട്ട് കളഞ്ഞാൽ അത് ദുരന്തത്തിന്റെ അഗാധഗർത്തങ്ങളിലേക്കുള്ള പതനമല്ലാതെ മറ്റൊന്നുമല്ല. *ജ്ഞാനം കുറുക്കുവഴികൾ തേടുമ്പോൾ ജ്ഞാനികൾ രക്ഷയെ തേടുന്നുണ്ട് എന്നല്ലേ അത് സൂചിപ്പിക്കുന്നത്*

1. ക്രിസ്തുവോടൊന്നിച്ച് ഒരു രക്ഷാകര സഞ്ചാരം:

നമ്മളും തിരുവചനത്തിന്റെ ചൂണ്ട് വിരലിൽ ജീവിതത്തെ പരിവർത്തനത്തിന്റെ യൂ-ടേണിലൂടെ മാറ്റുവാൻ തയ്യാറാകുന്നുണ്ടോ? വാതിലടയ്ക്കും മുമ്പേ കടക്കുവാനുള്ള മത്സരം ലോകത്ത് കാണാം. എന്നാൽ ചിതറിയോടുന്ന ആൾക്കൂട്ടത്തിലെന്നപോലെ ലക്ഷ്യവും പാതകളും നഷ്ടപ്പെട്ട ഒരു സമൂഹമല്ലേ നാം ?

യുഗാന്ത്യവിവരണത്തിന്റെ സൂചനകൾ കൂടി ക്രിസ്തു പങ്ക് വെക്കുന്നു. വലിയ നഗരത്തിന്റെ ചെറിയ വാതിൽ. ഒരേ സമയം ഒരുവന് മാത്രം പ്രവേശിക്കുവാനാവുന്ന വാതിൽ. അനശ്വരതയുടെ ആ മഹാനഗരത്തിൽ നിങ്ങൾ അത് അഭിമുഖീകരിക്കേണ്ടി വരും. അവിടെയും പ്രവേശനത്തിന് നിങ്ങൾ നിങ്ങളുടെ പഴയ പരിചയങ്ങളെല്ലാം പുറത്തെടുക്കണം. പലപ്പോഴും നാമത് ഏറെ പുറത്തെടുത്തിട്ടുള്ള ആയുധമായിരിക്കും. എന്നാൽ പരിചയത്തിന്റെ പേരിൽ കോളേജുകളിലും, ഹോസ്പിറ്റലിലും പള്ളിയിലുമൊക്കെ നാം അനുഭവിച്ചിട്ടുള്ള സൗഭാഗ്യങ്ങൾ ഇവിടെ നഷ്ടമാകുമെന്നത് നടുക്കുന്ന ചിന്തയാകണം. പള്ളിയിലെ പ്രമാണിത്തവും പന്തിഭോജനവും പറയുമ്പോഴേക്കും *നിങ്ങളെ ഞാൻ അറിയുന്നില്ലെന്ന* വാക്കുകൾ നെഞ്ചിലെ ഭാരമായി മാറിതുടങ്ങും.

പലപ്പോഴും പ്രമാണങ്ങൾ പേറി ജീവിക്കേണ്ടവരാണ് നാം. ജീവിതത്തിന്റെ പ്രമാണം ചിലയിടങ്ങളിൽ നാം തെളിവായി കാണിക്കേണ്ടി വരും. അതിന് സാധിക്കാതെ വന്നാൽ ഭൂതകാലങ്ങളുടെ അദ്ധ്വാനങ്ങൾ തന്നെ നമുക്ക് നഷ്ടമായേക്കാം. *ജീവിതത്തിൽ ആരും അത്ര പ്രസക്തമായി ഗണിക്കാത്തവയെ ഹാജരാക്കാൻ ആവശ്യപ്പെടുന്ന ഒരു ഇടമുണ്ട്* എന്ന് ഇതോർമ്മിപ്പിക്കുന്നുണ്ട്. ആ ഓർമ്മ ഒരു യൂ-ടേൺ ആയിരിക്കണം. കപ്പൽഛേദം ഭവിച്ച ജീവിതത്തിന്റെ ഒരു പച്ചതുരുത്ത് ബാക്കിയുണ്ട് എന്ന് കൃതജ്ഞതയോടെ പിതാവിങ്കലേക്ക് തിരികെ എത്തണം. പറുദീസാ വിചാരത്തിന്റെ കാതൽ തിരികെയുള്ള സഞ്ചാരമാകണം.

2. തിരികെയുള്ള സഞ്ചാരം

തെറ്റുമ്പോൾ ജാള്യതയുണ്ടാകാം. എന്നാൽ തിരികെ വരാനാവുന്നവർക്ക് മാത്രമെ ലക്ഷ്യത്തിലെത്താനാകൂ. ക്രിസ്തുവിന്റെ സമൃദ്ധമായ യുഗാന്ത്യസംഭവത്തെ കുറിച്ചുള്ള സൂചനകൾ ഈ ഭാഗത്ത് കാണാം. അബ്രാഹാമും ,യിസഹാക്കും ,യാക്കോബും പ്രാവാചകന്മാരും അടങ്ങുന്ന അസംഖ്യപൂർവ്വസൂരികളെ നമ്മുടെ മുമ്പാകെ കർത്താവ് ഈ ഗണത്തിൽ കാണിച്ച് തരുന്നു. അവരിൽ പലരും വലിയ വീഴ്ച്ചകൾ സംഭവിച്ചവരാണ്. ഉപായിയായ യാക്കോബ് രക്ഷിത സംഘത്തിൽ എത്തുന്ന ചരിത്രമുഹൂർത്തങ്ങളെ ഓർത്ത് നോക്കുക. *തിരികെ വരാനാവുമ്പോഴാണ് നമുക്ക് ക്രിസ്തുവിലേക്ക് എത്താനാവുക.* മീഖാ പ്രവാചകന്റെ വാക്കുകൾ പോലെ "എന്റെ ശത്രുവായവളേ എന്നെ ചൊല്ലി സന്തോഷിക്കരുത്, ഞാൻ വീണുവെങ്കിലും വീണ്ടും എഴുന്നേൽക്കും; ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായിരിക്കുമെന്ന്" മീഖ (7.8)പ്രത്യാശ നമുക്കുണ്ടാകണം.

3. യെരുശലേമിന്റെ നാശവും റോമൻ കൗശലങ്ങളും

യെരുശലേമിന്റെ നാശവും റോമൻ കൗശലങ്ങളും പരസ്പരം ബന്ധപ്പെട്ടതാണ്. ക്രിസ്തു റോമിന്റെ രാഷ്ട്രീയ അധിനിവേശത്തെ എപ്പോഴും എതിർക്കുന്നുണ്ട്. ദുർബ്ബലരെ കൗശലത്തിൽ അടിമകളാക്കുന്ന മർദ്ദക രാഷ്ട്രീയമാണ് റോമൻ ഭരണാധികാരികളുടെത്. ദൈവീക അധികാരവും രാഷ്ട്രീയ അധികാരവും തമ്മിലാണ് പോരാട്ടമുള്ളത്. യേശു രാഷ്ട്രീയ കൗശലങ്ങളോട് സന്ധിയില്ലാതെ പോരാടിയിരുന്നു. യേശുവിന്റേത് നൈർമ്മല്ല്യത്തിന്റെ വഴിയായിരുന്നു. എന്നാൽ യെരുശലേം യഹോവ്വയ്ക്ക് പകരം റോമൻ സൗജന്യങ്ങളെ കൈനീട്ടി വാങ്ങി. അവർ കൈസരെയും റോമൻ ചക്രവർത്തിമാരെയും ചില പ്പോൾ തങ്ങളുടെ രാജാവായി ഏറ്റുപറഞ്ഞു. ഈ ചങ്ങാത്ത വാസത്തിനെതിരാണ് ക്രിസ്തുവചനങ്ങൾ. *'കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു'* എന്ന് പറയുവോളം നിങ്ങൾ എന്നെ കാണുകയില്ല എന്ന് യേശു പറഞ്ഞത് ഗൗരവ്വത്തോടെ നാം കാണുമോ!

ഇവിടെയാണ് ശൂന്യമാക്കപ്പെടുന്ന *ഭവന*ത്തെ കുറിച്ച് നാം ഭയപ്പെടേണ്ടത്. കാരണം ഭവനമെന്ന പദം അത്ര പ്രാധാന്യത്തോടെയാണ് പഴയനിയമ ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത്. അത് രാജഭവനത്തെ കുറിച്ചുള്ള സൂചനയാണ്. 'നീതികേടുകൊണ്ട് അരമനയും അന്യായം കൊണ്ട് മാളിക പണിതു കൂട്ടുകാരനെ കൊണ്ട് വേല ചെയ്യിച്ചു കൂലി കൊടുക്കാതിരിക്കുകയും' ഒക്കെ ചെയ്യുന്ന അധർമ്മം വാഴുന്ന (യിരമ്യ.പ്ര 22-ാം അദ്ധ്യായം) കാലത്തെയാണ് യേശു ഓർമ്മിപ്പിച്ചത്. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ പ്രത്യേകമായി മതനേതാക്കന്മാർക്കും പ്രധാനപുരോഹിതർക്കും പ്രത്യേക പങ്കാളിത്തം കാണാം. യഹോവ്വയല്ലാതെ മറ്റൊരു രാജാവില്ലെന്ന് പറഞ്ഞവർ കൈസറാണ് തങ്ങളുടെ രാജാവ് എന്ന് പറയുവാൻ മാത്രം കാപട്യം കാണിക്കുന്നു. അതുകൊണ്ട് ഈ പ്രധാന യഹൂദസ്ഥാനങ്ങൾ ശൂന്യമാക്കപ്പെട്ടു. ആയതുകൊണ്ട് കഷ്ടാനുഭവാഴ്ച്ച പാടുന്ന "പൗരോഹിത്യം രാജ്യം .."എന്ന ഗാനം യൂദന്മാർക്കെതിരെയല്ല മറിച്ച് അവരുടെ നേതാക്കളുടെ കാപട്യത്തിനെതിരെയാണ്. എന്ന് മാത്രമല്ല അത് പറഞ്ഞത് (13.35) കർത്താവ് തന്നെയുമാണ് എന്നതിനാൽ ഈ ഗാനത്തെ നാം യൂദർക്കെതിരെ എന്ന ചിന്തയാൽ പാടതിരിക്കുന്നത് ഉചിതമല്ല. നീതിയുടെ ഊടുവഴികളെയാണ് ദൈവമക്കൾ പിൻതുടരേണ്ടത്. അത് ഇടുങ്ങിയെങ്കിലും നിത്യജീവന്റെ അനശ്വരനഗരത്തിലേക്ക് അത് നമ്മെ നയിക്കുക തന്നെ ചെയ്യും. അതിന് മാനസാന്തരത്തിന്റെ യൂ-ടേൺ എന്ന ആശയം നമ്മുടെ ഉള്ളിലെ ഉലയിൽ ഊതിജ്വലിപ്പിക്കാം. കാരണം മനുഷ്യവാതാരത്തിൽ തന്റെ മുന്നോടിയായ യോഹന്നാനും, യേശു തന്നെയും ജനങ്ങളുടെ ഉള്ളിൽ അതിതീവ്രമായി ഘോഷിച്ച ഒരു സന്ദേശമാണത്. ഏറ്റവും വലിയ മാറ്റത്തിന്റെ ഇടുങ്ങിയ വാതായനങ്ങളിലേക്ക് തന്നെയാണ് സുവിശേഷ സഞ്ചാരം നയിക്കുന്നത്. വിശാലവും സുഖകരവുമായത് ശീലങ്ങൾ നമ്മെ അടിമകളാക്കുമ്പോൾ, സുവിശേഷത്തിന്റെ നേർവഴി സ്വാതന്ത്യത്തിന്റെ തികഞ്ഞ പ്രമാണമാണെന്ന് ഓർമ്മിക്കുക.





ദിവ്യബോധനം പാഠ്യപദ്ധതിയുടെ ഭദ്രാസനതല പ്രവർത്തനോദ്ഘാടനം

ചെങ്ങന്നൂർ: ദിവ്യബോധനം പാഠ്യപദ്ധതിയുടെ 2019–2020 വർഷത്തെ ഭദ്രാസനതല പ്രവർത്തനോദ്ഘാടനം ചെങ്ങന്നൂർ ബഥേൽ അരമനയിൽ വച്ച് ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ചെങ്ങന്നൂർ ഭദ്രാസന സുവിശേഷ സംഘം ഡയറക്ടർ തോമസ് കൊക്കാപ്പറമ്പിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ദിവ്യബോധനം മുൻ ഡയറക്ടറും പരി. സഭാ മാനേജിംഗ് കമ്മിറ്റിയംഗവുമായ സി. കെ. റെജി ആശംസകൾ അർപ്പിച്ചു. സെമിനാറുകൾക്ക് ഫാ. ജോൺ ചാക്കോ നേതൃത്വം നൽകി.



ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റ് 2019–20 വർഷത്തെ പ്രർത്തനോദ്ഘാടനം.

യാക്കോബായ പെറ്റിഷൻ തള്ളി

ചെറായി: സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിക്കു വേണ്ടി യാക്കോബായ വിഭാഗം സമർപ്പിച്ച OP 1158/14 നിലനിൽക്കുന്നതല്ല എന്നു കണ്ടു എറണാകുളം ഫസ്റ്റ് അഡിഷണൽ ജില്ലാ കോടതി തള്ളി. ഓർത്തഡോക്സ് സഭക്ക് വേണ്ടി അഡ്വ. മാർട്ടിൻ ജോസ്, എൽദോ ചെറിയാൻ, റാംമോഹൻ എന്നിവർ ഹാജരായി.



എം.ജി.ഒ.സി.എസ്.എം പ്രവർത്തന ഉദ്ഘാടനം നടത്തപ്പെട്ടു

പെരുനാട്: ബഥനി സെന്റ് മേരീസ് ഹൈസ്കൂളിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ 2019 20 വർഷത്തിലെ പ്രവർത്തന ഉദ്ഘാടനം നടത്തപ്പെട്ടു. സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ മറീന എസ്.ഐ.സി അദ്ധ്യക്ഷത വഹിച്ച യോഗം നിലയ്ക്കൽ ഭദ്രാസന എം.ജി.ഒ.സി.എസ്.എം വൈസ് പ്രസിഡന്റ് ഫാ.ജോജി ജോർജ്ജ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ ഇതോടൊപ്പം നടന്നു. ജിജിൻ മാത്യു, സിസ്റ്റർ ഹെലൻ എസ്.ഐ.സി, സിസ്റ്റർ ക്രിസ്റ്റീന എസ്.ഐ.സി, ലിജിൻ ജോർജ്ജ്, ജിയ ജോൺ എന്നിവർ പ്രസംഗിച്ചു. നൂറിൽ അധികം വിദ്യാർത്ഥികൾ യോഗത്തിൽ പങ്കെടുത്തു



തുമ്പമൺ ഭദ്രാസന എം.ജി.ഒ. സി.എസ്.എം ന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ചു നടത്തപ്പെട്ട ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ സ്മരണാർത്ഥം നടത്തപ്പെട്ട പെയിന്റിങ് മത്സരം കേരള പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉൽഘാടനം ചെയ്യുന്നു.



എം.ജി.ഒ.സി.എസ്.എം. സ്ഥാപന ദിനാഘോഷം

മാവേലിക്കര: എം.ജി.ഒ.സി.എസ്.എം. സ്ഥാപന ദിനാഘോഷം അറുന്നൂറ്റിമംഗലം പൗലോസ് മാർ പക്കോമിയോസ് ശാലേം ഭവനിൽ വച്ച് നടത്തപ്പെട്ടു. മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഫാ. തോമസ് മാത്യു അധ്യക്ഷത വഹിച്ചു. ഫാ. ജോബ് റ്റി. ഫിലിപ്പ്, ഫാ. തോമസ് പി. ജോൺ, ഫാ. ജോസി ജോൺ, നിഖിത് കെ. സഖറിയ, ജോമിറ്റ് റ്റി. മാത്യു, സാജൻ വി. രാജു, പ്രൊഫ. രാജു വർഗ്ഗീസ്, സുബി വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

എം. ജി. ഓ. സി. എസ്. എം പ്രവർത്തന ഉദ്ഘാടനവും ലൈബ്രറിയുടെ ഉദ്ഘാടനവും

അറുനൂറ്റിമംഗലം: സെന്റ് കുറിയാക്കോസ് ഇടവക എം. ജി. ഓ. സി. എസ്. എം പ്രവർത്തന ഉദ്ഘാടനവും ലൈബ്രറിയുടെ ഉദ്ഘാടനവും ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. ഇടവ വികാരി ഫാ. ജേക്കബ് ജോൺ കല്ലട അധ്യക്ഷത വഹിച്ച യോഗത്തിൽ ഗീവർഗീസ് റമ്പാൻ, ട്രസ്റ്റ് നികിത് കെ സക്കറിയ, സെക്രട്ടറി ജോബിൻ ജോണി, സുബി വർഗീസ്, ജിജു ഡാനിയേൽ, ടിംസൺ സുബി, എയ്ഞ്ചൽ റെജി, ഷാരൺ, ജെബിൻ സാമുവേൽ, നവീൻ റോയ്, ലിബിൻ ബേബി തുടങ്ങിയവർ പ്രസംഗിച്ചു.